# മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**


പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 15**

---

## എം.ജി. സർവകലാശാലയിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു.

ഓപ്ഷണൽ വിഷയങ്ങൾ ഒഴികെയുള്ള പ്രിലിമിനറിയുടെയും മെയിൻ പരീക്ഷയുടെയും സിലിബസ് ഉൾപ്പെടുത്തി റെഗുലർ, ഈവനിംഗ്, ഫൗണ്ടേഷൻ എന്നിങ്ങനെ മൂന്നു തരം പരിശീലനമാണ് ഇവിടെ നടത്തുന്നത്.

റെഗുലർ പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം പരിശീലനം ഉണ്ടാകും. ഡിഗ്രി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്.

ഈവനിംഗ് പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം ഓൺലൈനിലാണ് പരിശീലനം. പ്ലസ് ടു കോഴ്സിൽ പഠിക്കുന്നവർക്കുന്നവർക്കു മുതൽ അപേക്ഷിക്കാം.

ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈനിൽ നടത്തുന്ന ഫൗണ്ടേഷൻ പ്രോഗ്രാമിൽ എസ്.എസ്.എൽ.സി വിജയിച്ചവർക്കു മുതൽ പങ്കെടുക്കാം.

മൂന്നു പ്രോഗ്രാമുകളിലുമായി ആകെ 70 പേർക്കാണ് പ്രവേശനം. പ്രായപരിധി 2023 ജനുവരി ഒന്നിന് 15നും 30നും ഇടയിൽ. സംവരണ വിഭാഗത്തിൽ പെട്ടവർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കും.

അപേക്ഷകൾ മെയ് 10 വരെ സ്വീകരിക്കും. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തുക.

അപേക്ഷാ ഫോറം സർവകലാശാലയുടെ വെബ്സൈറ്റിൽ(www.mgu.ac.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ യോഗ്യതാ രേഖകളും രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ റസിപ്റ്റും സഹിതം ഡയറക്ടർ(ഐ/സി), സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, മഹാത്മാ ഗാന്ധി സർവകലാശാലാ, പ്രിയദർശനി ഹിൽസ് കോട്ടയം 686560 എന്ന വിലാസത്തിൽ നേരിട്ടോ

തപാലിലോ സമർപ്പിക്കണം.

ജനറൽ വിഭാഗത്തിൽ പെട്ടവർക്ക് നാൽപ്പതിനായിരം രൂപയും എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് ഇരുപതിനായിരം രൂപയുമാണ് കോഴ്സ് ഫീസ്. രജിസ്ട്രേഷൻ ഫീസ് യഥാക്രമം 250 രൂപയും 150 രൂപയുമാണ്.

കൂടുതൽ വിവരങ്ങൾക്ക് 9188374553 എന്ന നമ്പരിൽ ബന്ധപ്പെടാം.

(പി.ആർ.ഒ/39/184/2023)

## സബ് സെൻററുകൾ അനുവദിച്ചു

ഫെബ്രുവരി 17ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ, ബി.കോം (2021 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്കായി സബ് സെൻററുകൾ അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/185/2023)

## പ്രാക്ടിക്കൽ

2023 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ (2021 അഡ്മിഷൻ റഗുലർ, 2020-2017 അഡ്മിഷനുകൾ സപ്ലിമെൻററി), ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ (2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 28 മുതൽ അതത് കോളജുകളിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

................

നാലാം സെമസ്റ്റർ ബി.വോക് സൗണ്ട് എൻജിനീയറിംഗ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20 മുതൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

................

നാലാം സെമസ്റ്റർ സുവോളജി (മോഡൽ 1,2,3 സി.ബി.സി.എസ്.എസ്, 2014-2016 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മെയ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20 ന് റാന്നി, സെൻറ് തോമസ് കോളജിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/186/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**